(ബി) എങ്കിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത ഹോസ്റ്റൽ വാർഡനെ സർവ്വീസിൽ നിന്നും, മാറ്റി നിർത്തി അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ഇന്ത്യൻ ശിക്ഷാ നിയമം 376, 323, 324, 34 വകുപ്പുകളും 1989-ലെ എസ്. സി. എസ്. റ്റി. ആക്ടിലെ 3 (1) (X) (XI) വകുപ്പുകളും പ്രകാരം ക്രൈം 38/96 നമ്പരായി പാലോട് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

(സി) നെടുമങ്ങാട് ഞാറനീലി ട്രൈബൽ ഹോസ്റ്റൽ വാർഡൻ ശാന്തമ്മയെ സർവ്വീസിൽനിന്നും സസ്പെൻറ് ചെയ്യുകയും കേസന്വേഷണത്തെ തുടർന്ന് അറസ്റ്റ് ചെയ്ത കോടതിയിൽ ഹാജരാക്കുകയും റിമാൻഡിൽ ഇപ്പോഴും ജയിലിൽ പാർപ്പിച്ചു വരുന്നതുമാകുന്നു.

സംസ്ഥാനത്തെ വാഹനാപകടങ്ങൾ

56 [1187] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) 1991-ലെ ഐക്യ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-1-1996 വരെ എത്ര വാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) അതിൽ എത്ര പേർ മരിച്ചു;

(സി) എത്ര പേർക്ക് പരിക്കുപറ്റി;

(ഡി) കെ. എസ്. ആർ. റ്റി. സി. ബസ്സുകൾ മൂലം എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ട്?

ഉത്തരം

(എ) 147,208 വാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) 10,864 പേർ മരിച്ചു.

(സി) 204,165 പേർക്ക് പരിക്കു പറ്റി.

(ഡി) 6,954 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്.

സർക്കാർ വക വാഹനങ്ങളുടെ ദുരുപയോഗം

57 [1188] ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വക വാഹനങ്ങൾ ദുരുപയോഗപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) വാഹനങ്ങളുടെ റിപ്പയറിംഗ് ചാർജ്ജിനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

തിരുവനന്തപുരം നഗരത്തിലെ ട്രാഫിക് സംവിധാനം

58 [1189] ശ്രീ. കെ. പ്രകാശ് ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൺവേയും നോ എൻട്രിയുമായി റോഡുകളെ തരം തിരിയ്ക്കുന്നതിന്റെ മാനദണ്ഡവും നടപടിക്രമവും വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം നഗരത്തിലെ വൺവേ റോഡുകളുടെ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) തിരുവനന്തപുരം ട്രാഫിക് സ്റ്റേഷന്റെ മുൻപിലുള്ള ട്രാഫിക് ഐലന്റ് പലപ്പോഴും അപ്രത്യക്ഷമാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) സ്ഥിരമായി ഇവിടെ ട്രാഫിക് ഐലന്റ് സ്ഥാപിക്കുവാനും ഒരു പോലീസുകാരനെ നിയമിക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റോഡുകളുടെ വീതിക്കുറവ്, വാഹനങ്ങളുടെ എണ്ണക്കൂടുതൽ, ചില റോഡുകളിൽ കൂടി വാഹന ഗതാഗതം അനുവദിച്ചാലുണ്ടാകുന്ന ഗതാഗതക്കുരുക്കുകൾ, അപകട സാദ്ധ്യത എന്നിവ പരിഗണിച്ച് അത് ഒഴിവാക്കാൻ വേണ്ടിയാണ് വൺവേയും നോ എൻട്രിയുമായി റോഡുകളെ തരം തിരിയ്ക്കുന്നത്. വൺവേ ആയും, നോ എൻട്രികളായും പ്രഖ്യാപിക്കേണ്ട റോഡുകളുടെ വിവരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകുകയും ജില്ലാ കലക്ടർ അതാത്, കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത് അധികൃതരുമായി ആലോചിച്ച് ആവശ്യമെന്ന് കാണുന്ന പക്ഷം, പ്രസ്തുത റോഡ് വൺവേകളായോ നോ എൻട്രികളായോ പ്രഖ്യാപിച്ച് ഗസറ്റിൽ പരസ്യപ്പെടുത്തി നടപ്പിലാക്കുന്നു എന്നതാണ് നടപടിക്രമം.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) അറ്റകുറ്റപണികൾക്കായും പെയിന്റ് ചെയ്യുന്നതിലേക്കും വേണ്ടി മാത്രമേ ട്രാഫിക് സ്റ്റേഷന്റെ മുൻപിലുള്ള ട്രാഫിക് ഐലന്റ് റോഡിൽനിന്നും മാറ്റാറുള്ളൂ.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly